**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1892** **29-09-2025 - ൽ മറുപടിയ്ക്ക്**

**റോഡപകടങ്ങൾക്ക് പരിഹാരം കണ്ടെത്താൻ ഗതാഗത വകുപ്പ് സ്വീകരിച്ച നടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സി കെ ഹരീന്ദ്രൻ | | ശ്രീ കെ ബി ഗണേഷ് കുമാർ<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | റോഡിന് മുകളിൽ താഴ്ന്നുകിടക്കുന്ന കേബിളുകൾ, റോഡുകളുടെ വശങ്ങളിലുള്ള സ്ലാബില്ലാത്ത ഓടകൾ, ജല അതോറിറ്റിയുടെ പൈപ്പുകൾ സ്ഥാപിക്കുന്നതിനെടുക്കുന്ന കുഴികൾ എന്നിവ മൂലമുള്ള റോഡപകടങ്ങൾക്ക് പരിഹാരം കണ്ടെത്താൻ ഗതാഗത വകുപ്പ് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (എ) | റോഡിന് മുകളിൽ താഴ്ന്നുകിടക്കുന്ന കേബിളുകൾ, റോഡുകളുടെ വശങ്ങളിലുള്ള സ്ലാബില്ലാത്ത ഓടകൾ, ജല അതോറിറ്റിയുടെ പൈപ്പുകൾ സ്ഥാപിക്കുന്നതിനെടുക്കുന്ന കുഴികൾ എന്നിവ മൂലമുള്ള റോഡപകടങ്ങൾക്ക് പരിഹാരം കണ്ടെത്തുന്നതിന്റെ ഭാഗമായി, അപകടകരമായ അത്തരം സാധ്യതകൾ നീക്കം ചെയ്യുന്നതിന് റോഡ്സുരക്ഷാ കമ്മീഷണർ 16-02-2023 ലെ A2/738/KRSA/2022 പ്രകാരം ബന്ധപ്പെട്ട സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.<br><br>റോഡിന് മുകളിൽ താഴ്ന്നുകിടക്കുന്ന കേബിളുകൾ, റോഡുകളുടെ വശങ്ങളിലുള്ള സ്ലാബില്ലാത്ത ഓടകൾ, ജല അതോറിറ്റിയുടെ പൈപ്പുകൾ സ്ഥാപിക്കുന്നതിനെടുക്കുന്ന കുഴികൾ എന്നിവ കാരണം ഉണ്ടാകുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കാണേണ്ടത് ബന്ധപ്പെട്ട വകുപ്പുകളാണ്. |
| (ബി) | 2016 മുതൽ 2025 വരെ റോഡ് സേഫ്റ്റി ഫണ്ട് വിനിയോഗിച്ച് പാറശ്ശാല മണ്ഡലത്തിൽ നടപ്പിലാക്കിയിട്ടുള്ള പ്രവൃത്തികൾ, നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന പ്രവൃത്തികൾ എന്നിവ വിശദമാക്കാമോ; | (ബി) | റോഡ് സുരക്ഷാ അതോറിറ്റിയുടെ വിവിധ സ്റ്റേക്ക്ഹോൾഡിംഗ് വകുപ്പുകളായ പോലീസ് വകുപ്പ്, മോട്ടോർ വാഹന വകുപ്പ്, പൊതുമരാമത്ത് (ദേശീയ പാത) വകുപ്പ്, പൊതുമരാമത്ത് (റോഡ്സ്), ആരോഗ്യ വകുപ്പ്, വിദ്യാഭ്യാസ വകുപ്പ്, 14 ജില്ലാ റോഡ് സുരക്ഷാ കൗൺസിലുകൾ എന്നിവ മുഖേനയാണ് പ്രധാനമായും റോഡ് സുരക്ഷാ അതോറിറ്റി റോഡ് സുരക്ഷാ പ്രവർത്തനങ്ങൾ നടത്തിവരുന്നത്. ജില്ലാ റോഡ് സുരക്ഷാ കൗൺസിലുകളുടെ ശിപാർശ പ്രകാരം ലഭിക്കുന്ന പദ്ധതികളും, മറ്റു സ്റ്റേക്ക് ഹോൾഡിങ് വകുപ്പുകളുടെ പദ്ധതികളും കേരള റോഡ് സുരക്ഷാ അതോറിറ്റിയുടെ തീരുമാനമനുസരിച്ച് കേരള റോഡ് സുരക്ഷ അതോറിറ്റിയുടെ ഫണ്ട് വിനിയോഗിച്ച് ബന്ധപ്പെട്ട വകുപ്പ് മുഖേന നടപ്പിലാക്കി വരുന്നു. AI ക്യാമറ സ്ഥാപിക്കുക, "blackspot റെക്ടിഫിക്കേഷൻ", |

| | | | |
|---|---|---|---|
| | | | സ്കൂൾ സോൺ സുരക്ഷാ, നടപ്പാതകൾ നിർമ്മിക്കൽ തുടങ്ങിയ പദ്ധതികൾക്കാണ് റോഡ് സുരക്ഷാ ഫണ്ട് അനുവദിക്കുന്നത്. ആവശ്യകതയുള്ള സ്ഥലങ്ങൾ കണ്ടെത്തി തുടർനടപടികൾ നടപ്പിലാക്കുന്നത് അതാതു വകുപ്പുകളാണ്. കേരള റോഡ് സുരക്ഷാ അതോറിറ്റി റോഡ് സുരക്ഷാ പ്രവർത്തനങ്ങൾക്കുള്ള തുക അനുവദിക്കുന്നത് നിയോജക മണ്ഡലാടിസ്ഥാനത്തിലല്ല. |
| (സി) | പ്രസ്തുത പ്രവൃത്തികൾക്ക് ഓരോന്നിനും അനുവദിച്ച തുക എത്രയെന്ന് വ്യക്തമാക്കാമോ; | (സി) | റോഡ് സുരക്ഷാ അതോറിറ്റിയുടെ വിവിധ സ്റ്റേക്ക്ഹോൾഡിംഗ് വകുപ്പുകളായ പോലീസ് വകുപ്പ്, മോട്ടോർ വാഹന വകുപ്പ്, പൊതുമരാമത്ത് (ദേശീയ പാത) വകുപ്പ്, പൊതുമരാമത്ത് (റോഡ്സ്), ആരോഗ്യ വകുപ്പ്, വിദ്യാഭ്യാസ വകുപ്പ്, 14 ജില്ലാ റോഡ് സുരക്ഷാ കൗൺസിലുകൾ എന്നിവ മുഖേനയാണ് പ്രധാനമായും റോഡ് സുരക്ഷാ അതോറിറ്റി റോഡ് സുരക്ഷാ പ്രവർത്തനങ്ങൾ നടത്തിവരുന്നത്. ജില്ലാ റോഡ് സുരക്ഷാ കൗൺസിലുകളുടെ ശിപാർശ പ്രകാരം ലഭിക്കുന്ന പദ്ധതികളും, മറ്റു സ്റ്റേക് ഹോൾഡിങ് വകുപ്പുകളുടെ പദ്ധതികളും കേരള റോഡ് സുരക്ഷാ അതോറിറ്റിയുടെ തീരുമാനമനുസരിച്ച് കേരള റോഡ് സുരക്ഷ അതോറിറ്റിയുടെ ഫണ്ട് വിനിയോഗിച്ച് ബന്ധപ്പെട്ട വകുപ്പ് മുഖേന നടപ്പിലാക്കി വരുന്നു. AI ക്യാമറ സ്ഥാപിക്കുക, "blackspot റെക്റ്റിഫിക്കേഷൻ", സ്കൂൾ സോൺ സുരക്ഷാ, നടപ്പാതകൾ നിർമ്മിക്കൽ തുടങ്ങിയ പദ്ധതികൾക്കാണ് റോഡ് സുരക്ഷാ ഫണ്ട് അനുവദിക്കുന്നത്. ആവശ്യകതയുള്ള സ്ഥലങ്ങൾ കണ്ടെത്തി തുടർനടപടികൾ നടപ്പിലാക്കുന്നത് അതാതു വകുപ്പുകളാണ്. കേരള റോഡ് സുരക്ഷാ അതോറിറ്റി റോഡ് സുരക്ഷാ പ്രവർത്തനങ്ങൾക്കുള്ള തുക അനുവദിക്കുന്നത് നിയോജക മണ്ഡലാടിസ്ഥാനത്തിലല്ല. |
| (ഡി) | അനുവദിച്ച പ്രവൃത്തികളിൽ പൂർത്തിയാക്കുവാനുള്ളവ ഏതെല്ലാമെന്ന് വിശദമാക്കാമോ? | (ഡി) | റോഡ് സുരക്ഷാ അതോറിറ്റിയുടെ വിവിധ സ്റ്റേക്ക്ഹോൾഡിംഗ് വകുപ്പുകളായ പോലീസ് വകുപ്പ്, മോട്ടോർ വാഹന വകുപ്പ്, പൊതുമരാമത്ത് (ദേശീയ പാത) വകുപ്പ്, പൊതുമരാമത്ത് (റോഡ്സ്), ആരോഗ്യ വകുപ്പ്, വിദ്യാഭ്യാസ വകുപ്പ്, 14 ജില്ലാ റോഡ് സുരക്ഷാ കൗൺസിലുകൾ എന്നിവ മുഖേനയാണ് പ്രധാനമായും റോഡ് സുരക്ഷാ അതോറിറ്റി റോഡ് സുരക്ഷാ പ്രവർത്തനങ്ങൾ നടത്തിവരുന്നത്. ജില്ലാ റോഡ് സുരക്ഷാ കൗൺസിലുകളുടെ ശിപാർശ പ്രകാരം ലഭിക്കുന്ന പദ്ധതികളും, മറ്റു സ്റ്റേക് ഹോൾഡിങ് വകുപ്പുകളുടെ പദ്ധതികളും കേരള റോഡ് സുരക്ഷാ അതോറിറ്റിയുടെ തീരുമാനമനുസരിച്ച് കേരള റോഡ് |

| | | | |
|---|---|---|---|
| | | | സുരക്ഷ അതോറിറ്റിയുടെ ഫണ്ട് വിനിയോഗിച്ച് ബന്ധപ്പെട്ട വകുപ്പ് മുഖേന നടപ്പിലാക്കി വരുന്നു. AI ക്യാമറ സ്ഥാപിക്കുക, "blackspot റെക്ടിഫിക്കേഷൻ", സ്കൂൾ സോൺ സുരക്ഷാ, നടപ്പാതകൾ നിർമ്മിക്കൽ തുടങ്ങിയ പദ്ധതികൾക്കാണ് റോഡ് സുരക്ഷാ ഫണ്ട് അനുവദിക്കുന്നത്. ആവശ്യകതയുള്ള സ്ഥലങ്ങൾ കണ്ടെത്തി തുടർനടപടികൾ നടപ്പിലാക്കുന്നത് അതാത് വകുപ്പുകളാണ്. കേരള റോഡ് സുരക്ഷാ അതോറിറ്റി റോഡ് സുരക്ഷാ പ്രവർത്തനങ്ങൾക്കുള്ള തുക അനുവദിക്കുന്നത് നിയോജക മണ്ഡലാടിസ്ഥാനത്തിലല്ല. |

സെക്ഷൻ ഓഫീസർ